സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാള്യം: 60 | ലക്കം: 23 | 2025 മാർച്ച് 29 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

## മദ്യലഹരിയിൽ അമ്മയെ തല്ലിച്ചതച്ച് മകൻ

ദേശമംഗലം: കൊണ്ടയൂരിൽ മദ്യലഹരിയിൽ മകൻ അമ്മയെ തല്ലിച്ചതച്ചു. കൊണ്ടയൂർ സ്വദേശി സുരേഷ് അമ്മ ശാന്തയെ തല്ലിയത് മരവടികൊണ്ട്. ഇന്നലെ രാത്രി നടന്ന മർദ്ദനം നാട്ടുകാർ പോലീസിൽ അറിയിച്ചത് ഇന്ന് രാവിലെ. പോലീസ് ശാന്തയെ തൃശ്ശൂർ മെഡിക്കൽ കോളേജിലേക്ക് മാറ്റി.; സുരേഷ് കസ്റ്റഡിയിൽ. രണ്ടുകൊല്ലം മുൻപ് സഹോദരനെ കൊന്ന കേസിലെ പ്രതിയാണ് സുരേഷ്.

## ലഹരി മരുന്ന് വിൽപ്പനക്കാരൻ ചാടിപ്പോയി

തൃശ്ശൂരിൽ എംഡിഎംഎ വിറ്റതിന് പിടിയിലായ യുവാവ് കസ്റ്റഡിയിൽ നിന്ന് ചാടിപ്പോയി. മനക്കൊടി സ്വദേശി ആൽവിൻ ചാടിപ്പോയത് ബംഗളൂരുവിൽ തെളിവെടുപ്പിനിടെ. പുലർച്ചെ ഒരു മണിക്കാണ് ഹോട്ടൽ മുറിയിൽ നിന്ന് ചാടിപ്പോയത്. നെടുപുഴയിൽ വാടകവീട്ടിൽ എംഡിഎംഎ തൂക്കിവിറ്റ കേസിലെ പ്രതിയാണ് ആൽവിൻ.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

# മ്യാൻമറിനെ പിടിച്ചുലച്ച് ഭൂകമ്പം; മരണം 1000 കടന്നു

നെയ്പിഡോ: മ്യാൻമറിലുണ്ടായ അതിശക്തമായ ഭൂകമ്പത്തിൽ മരണപ്പെട്ടവരുടെ എണ്ണം 1002 ആയെന്ന് റിപ്പോർട്ട്. 2000 പേർ പരിക്കേറ്റ് ചികിത്സയിലാണ്. മ്യാൻമറിൽ തകർന്ന കെട്ടിടങ്ങളിൽ കുടുങ്ങിക്കിടക്കുകയാണ് ബഹുഭൂരിപക്ഷം ജനങ്ങളും. പരിക്കേറ്റ നിരവധിപേരെ രക്ഷിച്ചു. രക്ഷാ പ്രവർത്തനം തുടരുകയാണ്. മരണസംഖ്യ 10,000 കവിയുമെന്നാണ് യുഎസ് ഏജൻസി അറിയിച്ചിരിക്കുന്നത്. ഇന്നലെ പ്രാദേശിക ഉച്ചയ്ക്ക് 12.50നാണ് മ്യാൻമറിൽ 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായത്. മ്യാൻമറിലും അയൽ രാജ്യമായ തായ്‌ലന്റിലും ഉണ്ടായ ശക്തമായ ഭൂചലനത്തിൽ നിരവധിപ്പേർ കെട്ടിടാവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നെന്നാണ് റിപ്പോർട്ട്.



മ്യാൻമറിലെ അഞ്ച് നഗരങ്ങളിൽ കനത്ത നാശനഷ്ടമുണ്ടായി. കെട്ടിടങ്ങളും പാലങ്ങളും ആരാധനാലയങ്ങളും തകർന്നു. വൈദ്യുതിയും ഇന്റർനെറ്റും തടസപ്പെട്ടതോടെ രാജ്യം ഏറെക്കുറെ ഒറ്റപ്പെട്ടു. ബുദ്ധമത വിശ്വാസികളുടെ ഹൃദയ ഭൂമിയായ മണ്ഡലൈയിൽ പുരാതന കൊട്ടാരത്തിന്റെ മതിൽ തകർന്നു. യാങ്കോൺ–മണ്ഡലൈ എക്സ്പ്രസ് വേയിൽ രണ്ട് പാലങ്ങൾ തകർന്നതോടെ ഗതാഗതം നിശ്ചലമായി. മണ്ഡലൈ നഗരത്തിൽ നിന്ന് 17.2 കിലോമീറ്റർ അകലെയാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. ഏകദേശം 10 ലക്ഷം പേർ മണ്ഡലൈയിൽ ജീവിക്കുന്നു. മ്യാൻമറിൽ ഭൂചലനങ്ങൾ താരതമ്യേന കൂടുതലാണ്. 1930നും 1956നും ഇടയിൽ റിക്ടർ സ്കെയിലിൽ 7.0 തീവ്രതയുള്ള ആറ് ഭൂചലനങ്ങൾ രാജ്യത്തുണ്ടായി. 2011ൽ ഷാൻ സംസ്ഥാനത്തുണ്ടായ ഭൂകമ്പത്തിൽ 151 പേർ കൊല്ലപ്പെട്ടു. മ്യാൻമറിൽ ഒടുവിലായി ഏറ്റവും കൂടുതൽ ആൾനാശത്തിന് കാരണമായ ഭൂകമ്പം ഇതായിരുന്നു.

അതേസമയം, ഭൂചലനമുണ്ടായ മ്യാൻമറിലേക്ക് സഹായഹസ്തവുമായി ഇന്ത്യ രംഗത്തെത്തിയിട്ടുണ്ട്. ഏകദേശം 15 ടൺ വസ്തുക്കളുമായി സൈനിക വിമാനം മ്യാൻമറിലേക്ക് പുറപ്പെട്ടു.

ഹിൻഡൺ വ്യോമസേനാ സ്റ്റേഷനിൽ നിന്ന് ഇന്ത്യൻ വ്യോമസേനയുടെ ഇ130ഖ വിമാനത്തിലാണ് അവശ്യസാധനങ്ങൾ കൊണ്ടുപോകുന്നത്.

## ആശമാർക്കുവേണ്ടി ഒരുകോടി രൂപ നൽകും, 25 കോടി കൺസോർഷ്യത്തിലൂടെ സ്വരൂപിക്കും– സുരേഷ് ഗോപി

തിരു: ആശമാരുടെ പ്രശ്ന പരിഹാരത്തിന് കൺസോർഷ്യം രൂപവത്കരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് കേന്ദ്രമന്ത്രി സുരേഷ് ഗോപി. ആദ്യ ഘട്ടത്തിൽ ഒരുകോടി രൂപ താൻ സംഭാവന നൽകുമെന്നും ബാക്കി സമൂഹത്തിൽ നിന്നും സ്വരൂപിക്കുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് എത്തിയാലുടൻ ആശമാരുടെ സമരപ്പന്തലിൽ എത്തി അവരുമായി കൂടിക്കാഴ്ച നടത്തുമെന്നും മുടിമുറി സമരത്തെപ്പറ്റിയുൾപ്പെടെ ചർച്ച ചെയ്യുമെന്നും സുരേഷ് ഗോപി എംപി മാധ്യമങ്ങളോട് പറഞ്ഞു.



മരണത്തെ മുഖാമുഖം നേരിട്ടാണ് ആശമാർ കോവിഡ് കാലത്ത് സമൂഹത്തിനുവേണ്ടി പ്രവർത്തിച്ചത്. അവർക്കുവേണ്ടി നമുക്ക് ചെയ്യാൻ കഴിയുന്നത് ചെയ്യണം. ആശമാരുടെ മാസവരുമാനത്തിനോടൊപ്പം നല്ലൊരു വിഹിതം കൺസോർഷ്യത്തിലൂടെ നൽകാൻ കഴിയും. ആദ്യഘട്ടത്തിൽ ഒരുകോടി രൂപ നൽകാൻ താൻ തയ്യാറാണ്. ബാക്കി സമൂഹത്തിൽനിന്നും സ്വരൂപിക്കാം. 25 കോടിയുടെ കൺസോർഷ്യം രൂപീകരിക്കാനാകും. നല്ല മനസുള്ളവർ ചേർന്നാൽ ഇതിനാകും, കേന്ദ്രമന്ത്രി പറഞ്ഞു.

## 'മരിക്കുമ്പോൾ മകളുടെ അക്കൗണ്ടിലുണ്ടായിരുന്നത് വെറും 80 രൂപ, ശമ്പളം മുഴുവൻ അയച്ചത് മലപ്പുറം സ്വദേശിക്ക്'

പത്തനംതിട്ട: ജീവനൊടുക്കിയ ഐബി ഉദ്യോഗസ്ഥ മേഘയെ ആൺസുഹൃത്തായ മലപ്പുറം സ്വദേശി സാമ്പത്തികമായി ചൂഷണം ചെയ്തതായി പരാതി. ഫെബ്രുവരി മാസത്തെ ശമ്പളം ഉൾപ്പെടെ ഇയാളുടെ അക്കൗണ്ടിലേക്ക് മകൾ ട്രാൻസ്ഫർ ചെയ്തുവെന്ന് മേഘയുടെ പിതാവ് മധുസൂദനൻ പറഞ്ഞു. മരിക്കുമ്പോൾ മകളുടെ അക്കൗണ്ടിൽ വെറും 80രൂപ മാത്രമാണ് ഉണ്ടായിരുന്നതെന്നും അദ്ദേഹം പറഞ്ഞു.



മലപ്പുറം ജില്ലയിലെ എടപ്പാളുള്ള സുകാന്ത് സുരേഷ് എന്നയാളുമായിട്ടായിരുന്നു മകൾ പ്രണയത്തിലായിരുന്നത്. ഇയാൾ മകളെ നിരന്തരം സാമ്പത്തികമായി ചൂഷണം ചെയ്യുന്നുണ്ടായിരുന്നു. ബാങ്ക് സ്റ്റേറ്റ്മെന്റ് ഞങ്ങൾ പരിശോധിച്ചു. കിട്ടുന്ന പണം മുഴുവൻ അയാൾക്ക് അയച്ചുകൊടുത്തതായാണ് മനസിലായത്. തിരിച്ച് ഓരോ മാസവും 500 അല്ലെങ്കിൽ 1000രൂപ അയാൾ ചെലവിന് അയച്ച് നൽകിയിട്ടുണ്ട്. കയ്യിൽ പണമില്ലാത്തതിനാൽ ഉച്ചയ്ക്ക് മകൾ ഭക്ഷണം പോലും കഴിച്ചിരുന്നില്ല എന്ന് ചില സുഹൃത്തുക്കൾ വീട്ടിൽ വന്നപ്പോൾ പറഞ്ഞിരുന്നു. പണം മുഴുവൻ വീട്ടിൽ കൊടുത്തുവെന്നാണ് മേഘ അവരോട് പറഞ്ഞിരുന്നത്. ഫെബ്രുവരി 28ന് കിട്ടിയ ശമ്പളം പോലും അവന്റെ അക്കൗണ്ടിലേക്ക് അയച്ചു., മധുസൂദനൻ പറഞ്ഞു.

മേഘ മരിച്ച ദിവസം തന്നെ ഐബി ഉദ്യോഗസ്ഥനും മലപ്പുറം സ്വദേശിയുമായ യുവാവിനെതിരെ കുടുംബം ആരോപണം ഉയർത്തിയിരുന്നു. മരണം ആത്മഹത്യ തന്നെയാണെന്ന് ഉറപ്പിച്ച പേട്ട പൊലീസ് അതിലേക്ക് നയിച്ച സാഹചര്യം അന്വേഷിച്ച് വരികയായിരുന്നു. ഈ സാഹചര്യത്തിലാണ് വീട്ടുകാർ കൂടുതൽ തെളിവുമായി രംഗത്തെത്തിയിരിക്കുന്നത്. മേഘയുടെ ഫോൺ ഉൾപ്പെടെ പൊലീസിന്റെ കൈവശമുണ്ട്. ലാപ്ടോപ്പും കുടുംബം പൊലീസിന് കൈമാറി. ഇവ ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കണമെന്നും പിതാവ് ആവശ്യപ്പെട്ടു.

## വളർത്തുനായയെ പുലി ആക്രമിച്ചു

ചാലക്കുടി: അന്നനാട് വളർത്തുനായയെ പുലി ആക്രമിച്ചു. കുറുവക്കടവ് സ്വദേശിനി അമ്മിണിയമ്മയുടെ വീട്ടിലാണ് പുലി വന്നത്. രാത്രി പത്തരയോടെ വീട്ടിലെത്തിയ പുലി ലൈറ്റ് തെളിയിച്ചതോടെ ഓടിപ്പോയി. രാത്രി മുഴുവൻ പുലിയെ തിരഞ്ഞിട്ടും കണ്ടെത്താനായില്ല.

## പ്രതികൾക്ക് ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ചു

തൃശൂർ: മതിലകം ഇരട്ട കൊലപാതക കേസിൽ പ്രതികളായ ശംഖ്ബസാർ സ്വദേശികളായ പുളിപ്പറമ്പിൽ രശ്മിത്ത്, ചള്ളിയിൽ ദേവൻ എന്നിവർക്ക് ഇരട്ട ജീവപര്യന്തവും നാല് ലക്ഷം രൂപ പിഴയും ശിക്ഷ വിധിച്ച് തൃശൂർ ഒന്നാം അഡീഷണൽ ജില്ലാ ജഡ്ജ് മിനിമോൾ ഉത്തരവിട്ടു.

## ഛത്തീസ്ഗഡിൽ ഏറ്റുമുട്ടൽ, 16 മാവോയിസ്റ്റുകളെ സുരക്ഷാ സേന വധിച്ചു

റായ്പൂർ: ഛത്തീസ്ഗഡിൽ സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലിൽ 16 മാവോയിസ്റ്റുകളെ വധിച്ചതായി റിപ്പോർട്ട്. രണ്ട് ജവാന്മാർക്ക് പരിക്കേറ്റു. ഛത്തീസ്ഗഡിലെ സുക്മ ജില്ലയിൽ ഇന്ന് രാവിലെയാണ് ഏറ്റുമുട്ടൽ ഉണ്ടായത്. ജില്ലാ റിസർവ് ഗാർഡ് (ഡിആർജി)?,? സെൻട്രൽ റിസർവ് പൊലീസ് ഫോഴ്സ് (സിആർപിഎഫ്)? എന്നിവയിലെ ഉദ്യോഗസ്ഥൻ ഉൾപ്പെടുന്ന സുരക്ഷാ സേനയുടെ സംയുക്ത സംഘമാണ് മാവോയിസ്റ്റുകളുമായി ഏറ്റുമുട്ടിയത്. പ്രദേശത്ത് മാവോയിസ്റ്റുകൾ എത്തിയതായി വിവരം ലഭിച്ചതിനെത്തുടർന്ന് നടത്തിയ തെരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായതെന്ന് പൊലീസ് പറയുന്നു.



കഴിഞ്ഞ 24-ാം തീയതിയും ഛത്തീസ്ഗഡിൽ ഏറ്റുമുട്ടൽ നടന്നിരുന്നു. ഇതിൽ മൂന്ന് മാവോയിസ്റ്റുകളെ വധിച്ചിരുന്നു. ദന്തേവാഡയ്ക്കും ബിജാപൂർ ജില്ലയ്ക്കും ഇടയിലെ അതിർത്തി പ്രദേശത്താണ് ഏറ്റുമുട്ടൽ ഉണ്ടായത്. പ്രദേശത്ത് മാവോയിസ്റ്റുകൾ എത്തിയതായി വിവരം ലഭിച്ചതിനെത്തുടർന്ന് നടത്തിയ തെരച്ചിലിനിടെയാണ് കാട്ടിനുള്ളിൽ ഏറ്റുമുട്ടലുണ്ടായതെന്ന് ദന്തേവാഡ പൊലീസ് സൂപ്രണ്ട് ഗൗരവ് റായ് പറഞ്ഞിരുന്നു. പ്രദേശത്തുനിന്ന് ആയുധങ്ങളും മറ്റും പിടിച്ചെടുത്തു. കേന്ദ്ര നിർദേശത്തെത്തുടർന്ന് ഛത്തീസ്ഗഡിൽ മാവോയിസ്റ്റ് വേട്ട വർദ്ധിപ്പിച്ചിരിക്കുകയാണ്. അടുത്തിടെ ബിജാപൂരിലും കങ്കേറിലും ഉണ്ടായ ഏറ്റുമുട്ടലിൽ ഇരുപത്തോളം മാവോയിസ്റ്റുകളെ വധിച്ചിരുന്നു.

കഴിഞ്ഞവർഷം മാത്രം 219 മാവോയിസ്റ്റുകളെയാണ് ഛത്തീസ്ഗഡിൽ വധിച്ചത്. 2023ൽ 22 പേരെയും 2022ൽ 30 പേരെയുമാണ് സുരക്ഷാസേന വധിച്ചത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം ഇക്കൊല്ലം രാജ്യത്തുടനീളം നടന്ന മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷനിൽ 113 പേരെയാണ് വധിച്ചത്. 104 പേർ അറസ്റ്റിലാവുകയും 164 പേർ കീഴടങ്ങുകയും ചെയ്തു. ഛത്തീസ്ഗഡിലെ ബാസ്റ്റർ, ദന്തേവാഡ, ബിജാപൂർ, കങ്കേർ, നാരായൺപൂർ, കൊണ്ടാഗോൺ, സുഖ്മ മേഖലകളിലാണ് കൂടുതലായും മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നടക്കുന്നത്. മാവോയിസ്റ്റ് വിരുദ്ധ ഓപ്പറേഷനായ റെഡ് കോറിഡോറിന്റെ ഭാഗമായി ആയിരത്തിലധികം സൈനികരെയാണ് ഇവിടെ വിന്യസിച്ചിട്ടുള്ളത്.

## മൂല്യത്തിൽ കുതിച്ച് രൂപ: ഡോളറിന് തിരിച്ചടി, മാർച്ചിൽ മാത്രം 2.4% നേട്ടം

മുംബൈ: രൂപയുടെ മൂല്യം ഇടിയുകയല്ലാതെ കയറുന്നത് അപൂർവമാണ്. എന്നാൽ ആഗോള ഘടകങ്ങളുടെകൂടി പിന്തുണയോടെ ഏഴ് വർഷത്തിനിടയിലെ ഉയർന്ന നിലവാരത്തിലേയ്ക്ക് രൂപയുടെ മൂല്യം എത്തിയിരിക്കുന്നു. മാർച്ചിൽ 2.4 ശതമാനമാണ് രൂപയ്ക്കുണ്ടായ നേട്ടം.

രാജ്യത്തെ വിപണിയിൽനിന്ന് കൂട്ടത്തോടെ കൂടൊഴിയുന്ന തിരക്കിലായിരുന്നുവല്ലോ വിദേശ നിക്ഷേപകർ. 2025 സാമ്പത്തിക വർഷത്തെ അവസാനത്തോടെ അപ്രതീക്ഷിത തിരിച്ചുവരവ് നടത്തി അവർ ഞെട്ടിച്ചു. പത്ത് ദിവസത്തിനിടെ നാല് ബില്യൺ ഡോളറിലധികമാണ് നിക്ഷേപിച്ചത്. വിപണിയിൽ വീണ്ടും വസന്തം വരുന്നതിന്റെ സൂചനയാണോ ഇത്? വസന്തം വന്നാലും ഇല്ലെങ്കിലും നഷ്ടപ്പെട്ടതിൽ കുറച്ചെങ്കിലും തിരിച്ചുപിടിക്കാൻ രൂപയ്ക്കായി എന്നത് ശ്രദ്ധേയമാണ്.

സാമ്പത്തിക വർഷത്തെ അവസാനത്തെ വ്യാപാര ദിനമായിരുന്ന വെള്ളിയാഴ്ച ഡോളറിനെതിരെ രൂപയ്ക്ക് 31 പൈസയുടെ നേട്ടമുണ്ടാക്കാനായി. ഡോളറിനെതിരെ രൂപയുടെ മൂല്യം 85.47 നിലവാരത്തിലായിരുന്നു ക്ലോസ് ചെയ്തത്. 2018ന് ശേഷം ഇതാദ്യമായാണ് ഒരൊറ്റ മാസത്തിൽ മൂല്യത്തിൽ 2.4 ശതമാനം നേട്ടമുണ്ടാകുന്നത്. രാജ്യത്തെ പ്രാദേശിക–വിദേശ ബാങ്കുകളിൽ കാര്യമായി ഡോളർ വിറ്റഴിക്കാനുണ്ടായ സാഹചര്യവും രൂപയ്ക്ക് നേട്ടമായി.

നിരക്ക് കുറയാനുള്ള സാധ്യതകൾ ദൃശ്യമായതോടെ കടപ്പത്ര ആദായം താഴുന്ന പ്രവണത പ്രകടമാണ്. പത്ത് വർഷ കാലാവധിയുള്ള കടപ്പത്രങ്ങളുടെ ആദായം 6.57 നിലവാരത്തിലെത്തിലാണിപ്പോഴുള്ളത്. മുൻ ദിവസത്തെക്കാൾ മൂന്ന് ബേസിസ് പോയന്റ് താഴുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം മൊത്തം നോക്കിയാൽ 2020ന് ശേഷമുള്ള വലിയ ഇടിവാണ് കടപ്പത്രങ്ങളുടെ പകരച്ചുങ്കവുമായി ബന്ധപ്പെട്ട ആദായത്തിലുണ്ടായത്.

ഏപ്രിൽ ആദ്യ ആഴ്ചയിലെ റിസർവ് ബാങ്കിന്റെ ധനനയ യോഗത്തിൽ റിപ്പോ നിരക്ക് കുറച്ചേക്കുമെന്നാണ് വിലയിരുത്തൽ. വളർച്ചയെ പിന്തുണയ്ക്കുന്ന സമീപനം ആർബിഐയുടെ ഭാഗത്തുനിന്ന് വ്യവസായ ലോകം പ്രതീക്ഷിക്കുന്നുണ്ട്. നിലവിലെ സാഹചര്യം തുടർന്നാൽ രൂപയുടെ മൂല്യത്തിൽ ഇനിയും നേട്ടമുണ്ടായേക്കുമെന്നാണ് വിലയിരുത്തൽ. രാജ്യത്തെ ഇക്വിറ്റി–ഡെറ്റ് ആസ്തികളിലേയ്ക്ക് വിദേശ നിക്ഷേപം പ്രവഹിച്ചാൽ സ്വാഭാവികമായും രൂപയ്ക്ക് കരുത്താകുമെന്നകാര്യത്തിൽ സംശയമില്ല.

യുഎസിലെ അനിശ്ചിതാവസ്ഥ സമീപ കാലയളവിൽ ഡോളറിന് തിരിച്ചടിയായിട്ടുണ്ട്. 104 നിലവാരത്തിലാണ് ഡോളർ സൂചിക ഇപ്പോഴുള്ളത്. മാർച്ചിൽ മാത്രം 3.40 ശതമാനത്തോളം ഇടിവ് നേരിട്ടു. ഏപ്രിൽ രണ്ടിലെ പ്രഖ്യാപനത്തിനായി കാത്തിരിക്കുകയാണ് സാമ്പത്തിക ലോകം. അതുകൊണ്ടുതന്നെ താരതമ്യേന സുരക്ഷിതമായ സ്വർണത്തിലേക്ക് നിക്ഷേപകർ കൂടുമാറുന്നതും ഡോളറിന് തിരിച്ചടിയായി.

## കരാട്ടേ ട്രെയിനർക്ക് പോക്സോ കോടതിയുടെ ശിക്ഷ



തൃശൂർ:അയ്യന്തോൾ സ്വദേശി കൽഹാര അപ്പാർട്ട്മെന്റിൽ താമസം കുണ്ടോളി രാജു മകൻ സുരേഷ്കുമാർ (60) എന്നയാളെതൃശൂർ സ്പെഷൽ കോടതി ജഡ്ജ് ഷെറിൻ ആഗ്നസ് ഫെർണാണ്ടസ് ശിക്ഷിച്ചു. 2023 ഫെബ്രുവരിയിലാണ് കേസിനാസ്പദമായ സംഭവം. കരാട്ടേ പരിശീലത്തിനായി എത്തിയ 10 വയസ് കാരിയെയാണ് പ്രതി പീഢിപ്പിക്കാൻ ശ്രമിച്ചത്. പ്രോസിക്യൂഷൻ ഭാഗത്ത് നിന്നും 14 സാക്ഷികളെ വിസ്തരിച്ചു. 20 ഓളം രേഖകൾ ഹാജരാക്കി. സമൂഹമനസാക്ഷിക്ക് ഒരു സന്ദേശമാകണം ശിക്ഷ എന്ന പബ്ലിക് പ്രോസിക്യൂട്ടർ ലിജി മധുവിന്റെ വാദം കോടതി അംഗീകരിച്ചാണ് ശിക്ഷ പ്രഖ്യാപിച്ചത്. 23 വർഷം കഠിന തടവാണ് വിവിധ വകുപ്പുകളിൽ ശിക്ഷ വിധിച്ചത്.

## നവീൻ ബാബുവിന്റെ മരണം: ദിവ്യ ഏകപ്രതിയെന്ന് കുറ്റപത്രം



കണ്ണൂർ: കണ്ണൂർ എഡിഎം ആയിരുന്ന നവീൻ ബാബു ആത്മഹത്യ ചെയ്യാൻ പ്രേരണയായത് സിപിഎം നേതാവും കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായിരുന്ന പി.പി.ദിവ്യയുടെ വാക്കുകളാണെന്ന് പോലീസ് കുറ്റപത്രം. ദിവ്യയാണ് കേസിലെ ഏക പ്രതിയെന്നും അന്വേഷണത്തിൽ വ്യക്തമായതെന്നും കുറ്റപത്രത്തിൽ പറയുന്നു. നവീൻ ബാബുവിന്റെ ആത്മഹത്യാപ്രേരണ കേസിൽ കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ പോലീസ് ഇന്ന് കുറ്റപത്രം സമർപ്പിച്ചു.

നവീൻ ബാബു മരിച്ച് അഞ്ചുമാസത്തിന് ശേഷമാണ് പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിക്കുന്നത്. നൂറിലേറെ പേജുള്ള കുറ്റപത്രം ഉച്ചയോടെയാണ് സമർപ്പിച്ചത്. നവീൻ ബാബു കൈക്കൂലി വാങ്ങിയതിന് നേരിട്ട് തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്നും ഇതിൽ പറയുന്നുണ്ട്. നേരത്തെ റവന്യൂ വകുപ്പിന്റെ അന്വേഷണത്തിൽ തെളിവില്ലെന്ന് കണ്ടെത്തിയിരുന്നു.

അതേസമയം പോലീസ് കുറ്റപത്രത്തിൽ നവീൻ ബാബു പ്രശാന്തിനെ ഫോണിൽ ബന്ധപ്പെട്ടതടക്കം സൂചിപ്പിച്ചിട്ടുണ്ട്. പ്രശാന്ത് നവീൻ ബാബുവിന് കൈക്കൂലി നൽകിയെന്നായിരുന്നു ആരോപണം

## ചോദ്യപേപ്പറിന് പകരം ഉദ്യോഗാർത്ഥികൾക്ക് നൽകിയത് ഉത്തരസൂചിക; പി എസ് സിക്ക് ഗുരുതര വീഴ്ച, പരീക്ഷ റദ്ദാക്കി

തിരു : ചോദ്യപേപ്പറിന് പകരം ഉദ്യോഗാർത്ഥികൾക്ക് ഉത്തര സൂചിക നൽകി പി എസ് സി. സർവേ വകുപ്പിലെ വകുപ്പുതല പരീക്ഷയിലാണ് ഗുരുതര വീഴ്ച സംഭവിച്ചത്. അബദ്ധം മനസിലായതോടെ ഉത്തരസൂചിക തിരികെവാങ്ങി, പരീക്ഷ റദ്ദാക്കി.

സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രമോഷന് വേണ്ടിയായിരുന്നു പരീക്ഷ നടത്തിയത്. ഇരുന്നൂറിലധികം പേർ പരീക്ഷയെഴുതിയിരുന്നു. സാധാരണയായി ആറ് മാസം കൂടുമ്പോഴാണ് വകുപ്പ് തല പരീക്ഷ നടത്താറുള്ളത്. എന്നാൽ രണ്ട് വർഷം വൈകിയാണ് ഇത്തവണ പരീക്ഷ നടത്താൻ തീരുമാനിച്ചത്.

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സെന്ററുകളിൽവച്ചായിരുന്നു പരീക്ഷ. പത്ത് മണിക്ക് ഇൻവിജിലേറ്റർ ഉത്തരസൂചിക നൽകുകയായിരുന്നു. ചോദ്യവും ഉത്തരവും ഇതിലുണ്ടായിരുന്നു. അബദ്ധം മനസിലായതോടെ ഉദ്യോഗസ്ഥർ ഇത് തിരികെ വാങ്ങി. പിന്നാലെ പരീക്ഷ റദ്ദാക്കിയെന്ന് പി എസ് സി അറിയിക്കുകയായിരുന്നു.

പരീക്ഷ ഇനിയും വൈകിയാൽ പ്രമോഷനെ അടക്കം ബാധിക്കുമെന്നാണ് ഉദ്യോഗാർത്ഥികൾ പറയുന്നത്. അബദ്ധം പറ്റിയെന്നാണ് പി എസ് സി നൽകുന്ന വിശദീകരണം.

## 'മോഹൻലാലിന്റേത് ആരാധകരോടുള്ള വഞ്ചന, എമ്പുരാൻ തുറന്നുകാട്ടപ്പെടണം'; ആർ എസ് എസ് മുഖവാരികയിൽ ലേഖനം

കൊച്ചി: മോഹൻലാൽ–പൃഥിരാജ് ചിത്രം എമ്പുരാനെതിരെ ആർഎസ്എസ് മുഖവാരികയായ ഓർഗനൈസറിൽ ലേഖനം. ചിത്രം ഹിന്ദുവിരുദ്ധമാണെന്ന് ലേഖനം ആരോപിക്കുന്നു. 'മോഹൻലാലിന്റെ എമ്പുരാൻ: ഹിന്ദുവിരുദ്ധ രാഷ്ട്രീയ അജൻഡ പ്രചരിപ്പിക്കാൻ പൃഥിരാജ് സുകുമാരൻ ചിത്രം ഗോധ്രാനന്തര കലാപത്തെ മുതലെടുക്കുന്നു' എന്ന തലക്കെട്ടിൽ വിശ്വരാജ് വിയാണ് ലേഖനം എഴുതിയിരിക്കുന്നത്. ഓർഗനൈസറിന്റെ ഓൺലൈനിലാണ് ലേഖനം പ്രത്യക്ഷപ്പെട്ടത്.



ചിത്രം കേവലവിനോദത്തിന് പകരം പഴകിയ രാഷ്ട്രീയ അജൻഡ മുന്നോട്ടുവെക്കാനുള്ള വേദിയായി മാറിയെന്ന് ലേഖനത്തിൽ ആരോപിക്കുന്നു. ഗോധ്രാനന്തര കലാപത്തെ ചിത്രം വ്യക്തവും ആശങ്കപ്പെടുത്തുന്നതുമായ പക്ഷപാതത്തോടെയാണ് അവതരിപ്പിക്കുന്നത്. ചരിത്ര വസ്തുതകളിൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടതിന് പകരം കലാപത്തിന്റെ പശ്ചാത്തലം ഉപയോഗിച്ച് സാമൂഹിക ഐക്യത്തിന് ഗുരുതരമായ ഭീഷണി ഉയർത്തുന്ന വിഭാഗീയവും ഹിന്ദുവിരുദ്ധമായ ആഖ്യാനം മുന്നോട്ടുവെക്കുന്നുവെന്നും ലേഖനത്തിൽ പറയുന്നു.

ചിത്രത്തിന്റെ ആദ്യഭാഗത്തെ രംഗങ്ങൾ 2002–ലെ കലാപത്തിലെ പ്രധാന അക്രമകാരികൾ ഹിന്ദുക്കളാണെന്ന പ്രതിച്ഛായ ശക്തിപ്പെടുത്തുന്നതും അവരെ വില്ലന്മാരായി ചിത്രീകരിക്കുന്നതുമാണ്. ഹിന്ദു സമുദായത്തെ ആകെ അപകീർത്തിപ്പെടുത്താൻ സിനിമ വയലൻസിനെ ഉപയോഗിക്കുന്നു. രക്ഷകരായി ചിത്രീകരിക്കപ്പെടാവുന്ന സാഹചര്യങ്ങളിൽ പോലും ഹിന്ദുക്കളെ വില്ലന്മാരായി ചിത്രീകരിക്കുന്നു. മോഹൻലാലിനെപ്പോലെ പരിചയസമ്പന്നനായ നടൻ തന്റെ സിനിമയ്ക്കായി സമുദായങ്ങൾക്കിടയിൽ വിദ്വേഷം മാത്രം വളർത്തുന്ന ഒരു പ്രചാരണ കഥ തിരഞ്ഞെടുത്തത് എന്തുകൊണ്ടാണെന്ന് ഇപ്പോഴും ദുരൂഹമാണെന്നും ലേഖനത്തിൽ പറയുന്നു.

അത്തരം സിനിമയിൽ അഭിനയിക്കാനുള്ള മോഹൻലാലിന്റെ തീരുമാനം വിശ്വസ്തരായ ആരാധകവൃന്ദത്തോടുള്ള വഞ്ചനയാണ്.

എമ്പുരാൻ ഹിന്ദു വിരുദ്ധ–ഇന്ത്യ വിരുദ്ധ സിനിമയായി ദേശീയ തലത്തിൽ തുറന്നുകാട്ടപ്പെടണമെന്നതിൽ സംശയമില്ലെന്നും പറയുന്ന ലേഖനത്തിൽ പൃഥിരാജിന്റെ മുൻ രാഷ്ട്രീയ നിലപാടുകളേയും വിമർശിക്കുന്നു.

1921–ലെ മലബാർ കലാപത്തിന്റെ പശ്ചാത്തലത്തിൽ വാരിയംകുന്ന് എന്ന പേരിൽ സിനിമ പ്രഖ്യാപിച്ച ശേഷം അത് നടക്കാതെ പോയതിനെക്കുറിച്ച് ലേഖനത്തിൽ ഓർമിപ്പിക്കുന്നു. സിനിമാ തിരഞ്ഞെടുപ്പുകൾക്ക് പുറമേ, പൃഥിരാജ് ദേശവിരുദ്ധ നിലപാടുകൾ സ്വീകരിച്ചതായും ആരോപണമുണ്ടെന്ന് ലേഖനം പറയുന്നു. ലക്ഷദ്വീപ്, പൗരത്വ ഭേദഗതി ബിൽ എന്നീ വിഷയങ്ങളിലെ നിലപാടുകൾ ചൂണ്ടിക്കാട്ടിയാണ് വിമർശനം.

### കോടതി പരസ്യം

**ബഹു. തൃശൂർ നാലാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ**

GOP: 78/2025

തൃശൂർ താലൂക്ക്, ഊരകം വില്ലേജ് വിളങ്ങോട് ദേശത്ത് മാരാർവളപ്പിൽ പരേതനായ പ്രശാന്ത്കുമാർ ഭാര്യ 33 വയസ് രേഷ്മ

- ഹരജിക്കാരി

തൃശൂർ താലൂക്ക്, ഊരകം വില്ലേജ് വിളങ്ങോട് ദേശത്ത് മാരാർവളപ്പിൽ പരേതനായ പ്രശാന്ത്കുമാർ, രേഷ്മ എന്നവരുടെയും മകൻ 12 വയസ് മൈനർ ഹരിശങ്കർ എം പി

-ഹരജി മാർജിനിൽ പറയുന്ന കുട്ടി

എതൃകക്ഷി -ഇല്ല

മേൽ നമ്പൽ ഹരജി പട്ടിക വഹകളിൽ മൈനറായ ഹരിശങ്കർ എം പി എന്നവർക്ക് അവകാശപ്പെട്ട 1/12 ഓഹരി അവകാശം സംരക്ഷിക്കുന്നതിനുവേണ്ടി മൈനറുടെ രക്ഷിതാവായി ഹരജിക്കാരിയെ നിയമിച്ചും ഹരജി പട്ടിക വഹകളിൽ മൈനർക്കുള്ള 1/12 ഓഹരി അവകാശം തീറാധാരം രജിസ്ട്രർ ആക്കുവാൻ ഹരജിക്കാരിയെ അനുവദിച്ച് ഉത്തരവുണ്ടാകുവാൻ ബോധിപ്പിച്ച മേൽ നമ്പർ ഹരജി **20-05-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. മേൽ നമ്പർ ഹരജി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അന്നേ ദിവസം രാവിലെ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ആക്ഷേപം ബോധിപ്പിക്കേണ്ടതാണെന്ന വിവരം ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു

എന്ന്, 26-03-2025
ഹരജിഭാഗം അഡ്വക്കേറ്റ്
**VIMALDEV C. V.** (ഒപ്പ്)

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

OP: 2368/2023

കോയകുട്ടി, 49 വയസ്, S/o. മുഹമ്മദ്, പുത്തൻപുരയിൽ വീട്, പല്ലാരിമംഗലം പി ഒ., എറണാകുളം ജില്ല-686671

-ഹരജിക്കാരൻ

1) ഷാനിബ, പി എസ്, 39 വയസ്, W/o. കോയകുട്ടി, 1/338A, പൊന്നംച്ഛതയിൽ, പിള്ളക്കട, പൂക്കോട്, തൃശൂർ ജില്ല-680104
2) സുജിത്ത് പി എസ്, 44 വയസ് S/o സുബ്രഹ്മണ്യൻ, തയ്യിൽ വീട്ടിൽ, നെന്മണി പി ഒ., ചാവക്കാട്, തൃശൂർ ജില്ല-680104
3) രാജി സുജിത്ത്, 36 വയസ്, S/o സുജിത്ത് തയ്യിൽ വീട്ടിൽ, നെന്മണി പി ഒ., ചാവക്കാട്, തൃശൂർ ജില്ല-680104

-1, 2, 3 എതൃകക്ഷികൾ

മേൽ നമ്പ്രിൽ 1, 2, 3 എതൃകക്ഷികൾക്കെതിരെ പത്രപരസ്യം അനുവദിച്ച് ഉത്തരവായി കേസ് **05-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 28-03-2024
ഹരജിഭാഗം അഡ്വക്കേറ്റ്
**നജിമുദ്ദീൻ എച്ച്** (ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# പട്ടിണിയും ഭയവുമില്ലാത്ത സമൂഹത്തിനു വേണ്ടി പ്രവർത്തിക്കണം: സി എച്ച് റഷീദ്




വാടാനപ്പള്ളി: വിശ്വാസികളുടെ പരമമായ ലക്ഷ്യം ദൈവത്തിന്റെ പ്രീതി നേടലാണെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് സി എച്ച് റഷീദ്.മുസ്‌ലിം ലീഗ് മണലൂർ നിയോജകമണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച,ഖത്തർ കെ എം സി സി നിയോജകമണ്ഡലം റമദാൻ റിലീഫ് വിതരണം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പട്ടിണിയും ഭയവുമില്ലാത്ത സമൂഹത്തിനു വേണ്ടി പണിയെടുത്തുകൊണ്ടാണ് ദൈവപ്രീതി നേടേണ്ടത്.

നിസ്കാരമുൾപ്പെടെയുള്ള ആരാധനാ കർമങ്ങൾ നിർബന്ധമാക്കുന്നതിന് മുമ്പ് അഗതികളുടെ സംരക്ഷണത്തിനും അനാഥകളുടെ ആദരണീയമായ അവസ്ഥക്കും അടിമകളുടെ മോചനത്തിനുമായി യത്നിക്കാൻ ദൈവം ആജ്ഞാപിച്ചത് പട്ടിണിയില്ലാത്ത, സുരക്ഷിതവും സ്വതന്ത്രവുമായ സമൂഹത്തിന്റെ നിർമിതിക്കുവേണ്ടിയാണ്.

മണലൂർ നിയോജക മണ്ഡലത്തിലെ മുസ്‌ലിം ലീഗ് പഞ്ചായത്ത് കമ്മിറ്റികൾ മുഖേന നാല് ലക്ഷം രൂപയാണ് റമദാൻ റിലീഫ് ആയി നൽകുന്നത്.

വാടാനപ്പള്ളി എം എം ഹനീഫ സൗധത്തിൽ നടന്ന ചടങ്ങിൽ മുസ്‌ലിം ലീഗ് നിയോജക മണ്ഡലം പ്രസിഡണ്ട് പി എം ഷെരീഫ് അദ്ധ്യക്ഷത വഹിച്ചു. ഖത്തർ കെഎംസിസി ട്രഷറർ പി എസ് എം ഹുസൈൻ, മുസ്‌ലിം ലീഗ് ജില്ലാ ഭാരവാഹികളായ എ എസ് എം അസ്ഗറലി തങ്ങൾ, ആർ എ അബ്ദുൽ മനാഫ്, അഡ്വ വി എം മുഹമ്മദ് ഗസ്സാലി, യൂത്ത് ലീഗ് ജില്ല പ്രസിഡണ്ട് എ എം സനൗഫൽ, ഖത്തർ കെ എംസിസി ജില്ല ട്രഷറർ എ എസ് നസീർ, മുസ്‌ലിം ലീഗ് നിയോജക മണ്ഡലം ജനറൽ സെക്രട്ടറി എ എസ് എം അൽത്താഫ് തങ്ങൾ, സൈനുൽ ആബിദീൻ നിസാമി, ഷെരീഫ് ചിറക്കൽ, പിഎം നൗഫൽ, ഷറഫുദ്ദീൻ പാടൂർ, പി എം ഖാലിദ്, എ എ ഷാഹുൽ ഹമീദ്, ഫക്രുദ്ദീൻ തങ്ങൾ, മജീദ് ഹസൻ, പി കെ അഹമ്മദ്, എ എ ഷജീർ, വി എം മുഹമ്മദ് സമാൻ, എ വൈ ഹർഷാദ് പ്രസംഗിച്ചു.

# കൈനൂർ റഗുലേറ്റർ കം ബ്രിഡ്ജിന് സങ്കേതികാനുമതി ലഭിച്ചു: മന്ത്രി കെ. രാജൻ

ഒല്ലൂർ നിയോജക മണ്ഡലത്തിലെ കൈനൂർ റഗുലേറ്റർ കം ബ്രിഡ്ജിന് സങ്കേതികാനുമതി ലഭിച്ചതായി സ്ഥലം എം എൽഎയും റവന്യൂ വകുപ്പ് മന്ത്രിയുമായ കെ രാജൻ അറിയിച്ചു. പീച്ചി അണക്കെട്ടിൽ നിന്ന് ഏകദേശം 18 കിലോമീറ്റർ അകലെ മണലിപ്പുഴയ്ക്ക് കുറുകെ നിർമ്മിച്ച ഒരു സെമി പെർമനന്റ് സ്ട്രക്ച്ചറാണ് കൈനൂർ ചിറ. ഒമ്പത് കിലോമീറ്റർ അധികം നീളമുള്ള പുത്തൂർ ഡൈവേർഷൻ കനാലിലൂടെ ജലവിതരണം സുഗമമാക്കുന്നതിന് നദിയുടെ ജലനിരപ്പ് ഉയർത്തുക എന്നതാണ് ഈ ഘടനയുടെ പ്രാഥമിക ധർമ്മം. ഇതുവഴി നദിയിൽ നിന്ന് എടുക്കുന്ന വെള്ളം ജലസേചനത്തിൽ നിർണായക പങ്കുവഹിക്കുന്നു. ഈ പ്രദേശത്തിന്റെ കാർഷിക സുസ്ഥിരത ഉറപ്പാക്കുന്നതോടൊപ്പം ചിറയുടെ മുകളിൽ ഭാഗത്തെ സമീപ പ്രദേശങ്ങളിലും കിണർ റീചാർജ്ജിലും ഭൂഗർഭജല റീചാർജിങ്ങിലും സുപ്രധാനമായ പങ്കു വഹിക്കുന്നുണ്ട്.

കൈനൂർ ഭാഗത്ത് മണലിപ്പുഴയുടെ ഇരുകരകളിൽ നിന്നും അങ്ങോട്ടുമിങ്ങോട്ടും യാത്ര ചെയ്യുന്നതിനായി പ്രദേശവാസികളിൽ നിന്നും ഒരു ദശാബ്ദത്തിൽ ഏറെയായി ഉയർന്നുവന്നിരുന്ന ആവശ്യമാണ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്നുള്ളത്. ഈ പ്രവൃത്തി നടപ്പിലായാൽ ഇരു കരയിലേക്കുള്ള ഗതാഗതം എളുപ്പമാകും. ഇതുകൂടാതെ ചിറയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ചിലവാകുന്ന തുക ഒഴിവാക്കാനും സാധിക്കുന്നതാണ്. നിലവിലുള്ള കൈനൂർച്ചിറ പൂർണമായും പൊളിച്ചുമാറ്റി 46 മീറ്റർ നീളത്തിൽ പണിയുന്ന ആർസിബിയ്ക്ക് 10 മീറ്റർ നീളത്തിൽ മൂന്ന് മീറ്റർ ഉയരത്തിലുള്ള നാല് ഷട്ടറുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആർസിബിയുടെ ഡെക്ക്സ്ലാബിന് 4.7 മീറ്റർ വീതിയാണുള്ളത് ഇരുകരകളിലേക്കുമുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണവും റിവർ പ്രൊട്ടക്ഷൻ പ്രവർത്തികളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

റെഗുലേറ്ററിന്റെ ഷട്ടർ ഓപ്പറേഷനുകൾ എല്ലാം മെക്കാനിക്കൽ സഹായത്തോടെയാണ് ചെയ്യുന്നത്. ഈ പ്രവർത്തിക്കായി 2024 ഡിസംബർ 21 ന് ഗവൺമെന്റിൽ നിന്ന് പത്തു കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമായിരുന്നു.

# റമളാൻ അവസാന വെള്ളിയാഴ്ചയിൽ പള്ളികൾ ജനനിബിഢം



തൃശൂർ : വിശുദ്ധ റമളാനിലെ അവസാനത്തെ വെള്ളിയാഴ്ച്ചയിലെ ജുമുഅ : ഖുത് ബ ശ്രവിക്കുവാനും, നിസ്കാരത്തിൽ പങ്കെടുക്കുവാനും പള്ളികളിൽ വൻ തിരക്ക് അനുഭവപ്പെട്ടു.

മുല്ലക്കര മുസ്ലിം മഹല്ല് ജമാഅത്തിലെ മസ്ജിദിൽ നടന്ന ഭക്തിസാന്ദ്രമായ ചടങ്ങുകൾക്ക് ഖത്വീബ് അബ്ദുൽ കബീർ നിസാമി നേതൃത്വം നൽകി. നൂറ് കണക്കിന് വിശ്വാസികൾ പങ്കെടുത്തു

# പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് മദ്യം വാങ്ങി നൽകിയ രണ്ട് യുവാക്കൾ റിമാന്റിൽ

കൊടുങ്ങല്ലൂർ : 10-ാം ക്ലാസ് പരീക്ഷ അവസാനിക്കുന്ന ദിവസം കുട്ടികൾക്ക് മദ്യം വാങ്ങി തരാമെന്ന് പറഞ്ഞ് കുട്ടികളിൽ നിന്ന് പിരിവ് വാങ്ങി ബീവറേജിൽ നിന്ന് മദ്യം വാങ്ങി കുട്ടികൾക്ക് നൽകിയ ചാപ്പാറ പന്തീരമ്പാല സ്വദേശിയായ അബിജിത്ത് 19 വയസ്, ചാപ്പാറ സ്വദേശിയായ പടിഞ്ഞാറേ വീട്ടിൽ അമർനാഥ് 18 വയസ് എന്നിവരെയാണ് കൊടുങ്ങല്ലൂർ പോലീസ് അറസ്റ്റ് ചെയ്തത്.

26-03-2025 തിയ്യതിയിൽ മദ്യവുമായി സ്കൂളിൽ പോയ കുട്ടികൾ പരിക്ഷകഴിഞ്ഞ് പുറത്തിറങ്ങുന്ന സമയം സ്കൂൾ അധികൃതർ കുട്ടികളുടെ ബാഗ് പരിശോധിച്ചതിൽ നിന്നാണ് മദ്യം കണ്ടെടുത്തത്. തുടർന്ന് രക്ഷിതാക്കൾക്കൊപ്പം കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ വന്ന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് എകഞ രജിസ്റ്റർ ചെയ്തത്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ബീവറേജിൽ നിന്നും മദ്യം വാങ്ങി ഇവർ പ്രായപൂർത്തിയാകാത്ത കുട്ടികൾക്ക് നൽകി കുട്ടികളെ ലഹരിക്കടിമപ്പെടുത്താൻ ശ്രമിച്ചതായി കണ്ടെത്തിയതിനാലാണ് ഇവരെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ 2 യുവാക്കളെയും റിമാന്റ് ചെയ്തു. കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ അരുൺ ബി.കെ, സബ് ഇൻസ്പെക്ടർ തോമസ് എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

# കേന്ദ്ര റെയിൽവേ മന്ത്രിക്ക് പൊതുതാല്പര്യ അഭ്യർത്ഥന കൈമാറി



കല്ലേറ്റുംകര : ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനോടുള്ള അവഗണനയിൽ പ്രതിഷേധിച്ചും സ്റ്റേഷന്റെ പേര് സംഗമഗ്രാമ മാധവൻ എന്ന് പുനർനാമകരണം ചെയ്യണമെന്നും ആവശ്യപ്പെട്ടു കൊണ്ട് കേരളത്തിലെ സ്വദേശി ജഗരണ മഞ്ച്, സ്വദേശി മിഷൻ, ആദിശങ്കര അദ്വൈത ആഖാഡ, റെയിൽവേസ്റ്റേഷൻ വികസന സമിതി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനു പൊതുതാല്പര്യ അഭ്യർത്ഥന നൽകി. 2025 മാർച്ച് 28 ന് വൈകിട്ട് ഇരിങ്ങാലക്കുട റെയിൽവേ സ്റ്റേഷനിൽ നേരിട്ടെത്തി ദക്ഷിണ റെയിൽവേ ജനറൽ മാനേജർ, തിരുവനന്തപുരം ഡിവിഷണൽ മാനേജർ എന്നിവർക്കും ഇരിങ്ങാലക്കുട സ്റ്റേഷൻമാസ്റ്റർ മുഖേന അഭ്യർത്ഥന കൈമാറി. സ്വദേശി ജാഗരൺ മഞ്ച് ദേശീയ സമിതിയംഗവും റെയിൽവേസ്റ്റേഷൻ വികസന സമരത്തിന്റെ മുഖ്യ സംഘാടകനു മായ വർഗ്ഗീസ് തൊടുപറമ്പിൽ, സംസ്ഥാന സംയോജക് ഡോ.അനിൽ എസ് പിള്ള, ആദിശങ്കര അദ്വൈത അഖാഡ മഹാമണ്ഡലേശ്വർ സ്വാമി പ്രഭാകരാനന്ദ സരസ്വതി, സ്വദേശി ജാഗരണ മഞ്ച് സംസ്ഥാന മഹിളാ പ്രമുഖും സ്വദേശി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുമായ രേഖ വരമുദ്ര, റെയിൽവേ സ്റ്റേഷൻ വികസന സമിതി പ്രസിഡന്റ് വർഗ്ഗീസ് പന്തല്ലൂക്കാരൻ, വർക്കിംഗ് പ്രസിഡന്റ് കെ എഫ് ജോസ്, ഇരിങ്ങാടപ്പിള്ളി മന അംഗവും സ്വദേശി മിഷൻ ഉപാദ്ധ്യക്ഷനുമായ അശോക് കുമാർ ഇരിങ്ങാടപ്പിള്ളി, ദേശി ചികിത്സാ വിഭാഗ് പ്രമുഖ് ഡോ. കെ.എ. ഫിറോസ് ഖാൻ, പാലക്കാട് ജില്ലാ സംയോജക് സ്വാമി രാമപ്രസാദാദാനന്ദ സരസ്വതി, തൃശൂർ ജില്ലാ സംയോജക് ഡോ.സണ്ണി ഫിലിപ്പ്, സിറ്റിസൺ ഫോർ ജനറൽ കൺവീനർ ഡോ. മാർട്ടിൻ പി പോൾ, ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ, ജോസ് പി എൽ, ശശി ശാരദാലയം, സന്ന്യാസിമാർ, പൗരപ്രമുഖർ എന്നിവർ പങ്കെടുത്തു. ഇതോനുബന്ധിച്ച്

ആദി ശങ്കര അദ്വൈത അഘാഡ മഹാ മണ്ഡലേശ്വർ സ്വാമി പ്രഭാകരാനന്ദ സരസ്വതി മഹാരാജ് നയിക്കുന്ന സന്ന്യാസി സംഘം സംഗമഗ്രാമ മാധവ ആചാര്യരുടെ ജന്മഗൃഹമായ ഇരിങ്ങാടപ്പിള്ളി ഇല്ലം സന്ദർശിച്ചു. ഇരിങ്ങാടപ്പിള്ളി ഇല്ലം പരമേശ്വരൻ നമ്പൂതിരിയുമായി ആശയ വിനിമയം നടത്തി.

തുടർന്ന് ഇരിങ്ങാടപ്പിള്ളി ശ്രീകൃഷ്ണ അമ്പല സന്നിധിയിൽ സന്ന്യാസി സത്സംഗം നടന്നു. അശോക് കുമാർ ഇരിങ്ങാടപ്പിള്ളി പൂർണ്ണ കുംഭത്തോടെ സന്ന്യാസിമാരെ സ്വീകരിച്ചു. മാതാജി വസന്താനന്ദ സരസ്വതി, മാതാജി ദേവി സംഘമേശാനന്ദ സരസ്വതി, മാതാജി സുലോചനാനന്ദ സരസ്വതി, സ്വാമി സായിശ്വരാനന്ദ സരസ്വതി, സ്വാമി നിത്യ കൃഷ്ണാനന്ദ സരസ്വതി, സ്വാമി വിശ്വാനന്ദ സരസ്വതി, സ്വാമി ജഗദാനന്ദ സരസ്വതി, സ്വാമി നിത്യ പ്രതാഭാനന്ദ സരസ്വതി, സ്വാമി കൈലാസാനന്ദ സരസ്വതി, സ്വാമി നിത്യ സുന്ദരാനന്ദ സരസ്വതി, സ്വാമി മണിനാദാനന്ദ സരസ്വതി, സ്വാമി നിത്യ കുമാരാനന്ദ സരസ്വതി, അളഗർ സ്വാമി,

സ്വാമി രാമപ്രസാദാനന്ദ സരസ്വതി, സ്വാമി കുമാരാനന്ദ സരസ്വതി തുടങ്ങിയവർ സന്നിഹിതരായി. വൈകിട്ട് 6.30 നു റെയിൽവേ സ്റ്റേഷനു മുന്നിൽ സമരാഗ്നി ജ്വലനത്തോടെ പരിപാടികൾ സമാപിച്ചു.

# ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജജിൽ (ഓട്ടണോമസ്) നിന്ന് ഈ വർഷം വിരമിക്കുന്നവർ



**ഡോ. ഡീന ആന്റണി സി.**
കെമിസ്ട്രി വിഭാഗം മേധാവി, അസോസിയേറ്റ് പ്രൊഫസർ



**ഡോ. ബിൻസി വർഗീസ്. വി.**
കെമിസ്ട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ



**ശാന്തി മേനോൻ**
ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് മേധാവി (സെൽഫ് ഫിനാൻസിങ്ങ് വിഭാഗം) അസിസ്റ്റന്റ് പ്രൊഫസർ

# കൊടകര കുഴൽപ്പണ കേസ്: ഇ.ഡിയും കേരള പോലീസും ഒത്തുകളിച്ചു: അഡ്വ. കെ.എസ് നിസാർ

കൊടകര കുഴൽപണ കേസിൽ ബിജെപി നേതാക്കളെയും ആർഎസ്എസിനെയും കുറ്റവിമുക്താമാക്കികൊണ്ട് ഇഡി സമർപിച്ച കുറ്റപത്രം കേരള പൊലീസും കേന്ദ്ര ഏജൻസിയും തമ്മിലുള്ള ഒത്തുകളിയുടെ ഭാഗമാണെന്ന് വെൽഫെയർ പാർട്ടി തൃശൂർ ജില്ല പ്രസിഡണ്ട് അഡ്വ. കെ.എസ് നിസാർ ആരോപിച്ചു. 2021 ഏപ്രിൽ മാസത്തിൽ തൃശൂർ കൊടകരയിൽനിന്ന് തട്ടിയെടുത്ത മൂന്നരകോടിയോളം രൂപ നിയമസഭ തെരഞ്ഞെടുപ്പിന് ബിജെപിക്കുവേണ്ടി കുഴൽപണമായി കൊണ്ടുവന്നതാണെന്നായിരുന്നു കേരള പൊലീസ് കേസിന്റെ പ്രാഥമിക ഘട്ടത്തിൽ പറഞ്ഞിരുന്നത്. ബിജെപി സംസ്ഥാന പ്രസിഡണ്ട് ആയിരുന്ന കെ. സുരേന്ദ്രനും നിരവധി ആർഎസ്എസ് ബിജെപി നേതാക്കൾക്കും നേരിട്ട് ബന്ധം ഉണ്ടെന്ന് ബിജെപി നേതാക്കൾതന്നെ ആരോപണം ഉന്നയിച്ച കേസ് പിന്നീട് കേരള പൊലീസ് ഗതിമാറ്റി വിടുന്നതാണ് കാണാൻ കഴിഞ്ഞത്.

കുഴൽപണമാണെന്ന രീതിയിൽ കേരള പൊലീസ് അന്വേഷണം തുടങ്ങിയ കേസ് പിന്നീട് കേവലം തട്ടിപ്പുകേസ് മാത്രമാക്കി കുറ്റപത്രം സമർപിച്ചതോടുകൂടിതന്നെ ഒത്തുകളി ആരംഭിച്ചിരുന്നു. പിന്നീട് സാങ്കേതിക കാരണങ്ങൾ പറഞ്ഞുകൊണ്ട് കേസ് കേന്ദ്ര ഏജൻസിയായ എൻഫോഴ്സ്മെന്റ് ഡയറക്ടേഴ്സിന് കൈമാറി. ഇത് ബിജെപിയെയും ആർഎസ്എസിനെയും സംരക്ഷിക്കാനായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായിരിക്കുന്നു. തുടക്കത്തിൽ ആവേശപൂർവ്വം അന്വേഷണം നടത്തിയ കേരള പോലീസ് കുഴൽപ്പണത്തിന് പിന്നിൽ ബിജെപിയാണ് എന്ന് കണ്ടെത്തിയ ശേഷം അന്വേഷിക്കാനുള്ള ചുമതല ഇ.ഡി യുടെ മേൽ വച്ചു കെട്ടി അന്വേഷണം വഴിമുട്ടിച്ചത് ബിജെപിയും സിപിഎമ്മും തമ്മിലുള്ള പരസ്പര ധാരണയുടെ ഭാഗമാണ്.

രാജ്യത്തെ ജനാധിപത്യ സംവിധാനങ്ങളെതന്നെ തകർക്കാൻ നടത്തിയ കൊടകരയിലെ ഹവാല കേസ് അന്വേഷണ ഏജൻസികളിലൂടെ അട്ടിമറിക്കപ്പെടുമ്പോൾ പൊലീസിനോടും സർക്കാർ ഏജൻസികളോടുമുള്ള ജനങ്ങളുടെ വിശ്വാസം കൂടിയാണ് തകർക്കപ്പെടുന്നത്. ഈ ഘട്ടത്തിൽ ഇഡി സമർപിച്ച കുറ്റപത്രത്തിനെതിരെ നിയമപരമായി നേരിടാനുള്ള ആർജവം കേരള സർക്കാർ കാണിക്കണമെന്നും കെ.എസ് നിസാർ ആവശ്യപ്പെട്ടു.

## അമലയിൽ ബൈപോളാർ ദിനാചരണം

അമലനഗർ: അമലമെഡിക്കൽ കോളേജ് മനോരോഗ വിഭാഗം നടത്തിയ ലോക ബൈപോളാർ ദിനാചരണത്തിന്റെ ഉദ്ഘാടനം ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ നിർവ്വഹിച്ചു. ജോയിൻറ് ഡയറക്ടർ ഫാ.ഡെൽജോ പുത്തൂർ, മനോരോഗവിഭാഗം മേധാവി ഡോ.ഷൈനി ജോൺ, നഴ്സിംഗ് കോളേജ് പ്രിൻസിപ്പൾ ഡോ.രാജി രഘുനാഥ്, സൈക്യാട്രി വിഭാഗം ഡോക്ടർമാരായ ഡോ.വിനീത് ചന്ദ്രൻ, ഡോ.ആയിഷ ഷെറിൻ നസ്സീർ എന്നിവർ പ്രസംഗിച്ചു. മെഡിക്കൽ, നഴ്സിംഗ് വിദ്യാർത്ഥികൾ ഫ്ളാഷ് മോബ്, സ്കിറ്റ് എന്നിവയും നടത്തി.

# ഇഫ്താർ വിരുന്നും സമൂഹ നോമ്പുതുറയും

വരവൂർ: വക്കീൽ പി കുമാരൻ എഴുത്തച്ഛൻ കോളേജ് ആഭിമുഖ്യത്തിൽ കോളേജിൽ വെച്ച് ഇഫ്താർ വിരുന്നും സമൂഹ നോമ്പുതുറയും നടന്നു. കോളേജിന്റെ സംഘാടകരായ എഴുത്തച്ഛൻ എഡ്യൂക്കേഷൻ സൊസൈറ്റി സൊസൈറ്റി (എച്ച ആർ ഡി) പ്രസിഡൻറ് ടിജി ചന്ദ്രകുമാർ ഇഫ്താർ വിരുന്നിൽ അധ്യക്ഷനായി. അഖിലകേരള എഴുത്തച്ഛൻ സമാജം പ്രസിഡൻറ് അഡ്വക്കേറ്റ് പി ആർ സുരേഷ് ഉൽഘാടകനായി. വക്കിൽ പി കുമാരൻ എഴുത്തച്ഛൻ കോളേജ് വരവൂർ, പ്രിൻസിപ്പൽ എം എസ് ബാലകൃഷ്ണൻ സ്വാഗതം ആശംസിച്ചു. ഇന്ത്യാ സമൂഹം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വിപത്തായ അപരവത്കരണത്തെക്കുറിച്ച് പ്രമുഖ സാംസ്കാരിക പ്രവർത്തകനും ചിന്തകനുമായ സുരേഷ് എം രഘു മുഖ്യപ്രഭാഷണം നടത്തി, മനുഷ്യരെ അപരവൽക്കരിക്കുന്നതിനെതിരായി ഏറ്റവും ശക്തിയായ നിലകൊണ്ട സാമൂഹ്യ വിപ്ലവകാരിയാണ് ശ്രീ നാരായണഗുരുദേവൻ എന്ന് സുദേഷ തുടർന്നു പറഞ്ഞു. സാമൂഹ്യ പ്രവർത്തകനും ചിന്തകനുമായ ബാബുരാജ് ഭഗവതി അനുബന്ധ പ്രഭാഷണം നടത്തി വരവൂർ മസ്ജിദ് ഉസ്താദ് റെഹദർ അൻവരി പെരുന്നാൾ സന്ദേശം നൽകി പ്രൊഫസർ ടി ബി വിജയകുമാർ ആമുഖ പ്രഭാഷണം നടത്തി വരവൂർ പള്ളി കമിറ്റി പ്രസിഡണ്ടു് ജനാബ് അലി സാഹേബ്, തളി ജുമാ മസ്ജിദ് ഖത്തിബ് & ചീഫ് ഇമാം മുഹമ്മദ് മുഫീദ് ഫൈസി, ജന: സെക്രട്ടറി നാസർ ടി. എം, രാമൻ ചിറ ഉമറൂൽ നമസ്കാര പള്ളി പ്രസിഡണ്ട് കിഴക്കേതിൽ മജീദ്, കൊറ്റുപുറം ജുമ മസ്ജിദ് പ്രസിഡണ്ട് ഉമർ സെക്രട്ടറി ഹമീദ്, തലശ്ശേരി തെക്ക് മസ്ജിദ് മഹൽ പ്രസിഡണ്ട് അബ്ബാസ്, കബീർ പി.എം അബ്ദുൾ റസാക്ക്, അബു താഹിർ , അരിമ്പൂർ കെ എൻ ഭാസകരൻ എഴുത്തച്ഛൻ, എഴുത്തച്ഛൻ സമാജം ജില്ലാ സെക്രട്ടറി.ജയകൃഷ്ണൻ ടി. മേപ്പിള്ളി, ആക്റ്റി ങ്ങ് ട്രഷറർ ടി.കെ ഗോവിന്ദൻ എഴുത്തച്ഛൻ എന്നിവർ ആശംസ നേർന്നു പ്രസംഗിച്ചു .മുന്നൂറിൽ പരം വ്യക്തികൾ വിരുന്നിൽ പങ്കു കൊണ്ടു.

# ഒല്ലൂർ സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ 40 മണിക്കൂർ ആരാധന ആരംഭിച്ചു



ഒല്ലൂർ : സെന്റ് ആന്റണീസ് ഫൊറോന പള്ളിയിൽ തുടർച്ചയായ 80 വർഷത്തെ 40 മണിക്കൂർ ആരാധന മാർച്ച് 28 വെള്ളിയാഴ്ച രാവിലെ തൃശ്ശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത അർപ്പിച്ച പൊന്തിഫിക്കൽ കുർബാനയോട് കൂടി ആരംഭിച്ചു. വികാരി ഫാ. വർഗീസ് കൂത്തൂർ സഹവികാരി ഫാ. എഡ്വിൻ ഐനിക്കൽ എന്നിവർ സഹകാർമികരായി. ആർച്ച് ബിഷപ്പ് മാർ ആൻഡ് താഴത്ത് വചനസന്ദേശം നൽകി. കൂദാശകളുടെ കൂദാശയായ വിശുദ്ധ കുർബാന ഈശോ സ്ഥാപിച്ചത് ലോകാവസാനം വരെ നിലനിൽക്കുന്നതിനും അതുവഴി എല്ലാവരെയും ദൈവത്തിലേക്ക് അടുപ്പിക്കുന്നതിനും വേണ്ടിയാണെന്നും അതുകൊണ്ട് ഇവിടെ നടക്കുന്ന ആരാധനാ ദിനങ്ങൾ യേശുവിന്റെ കൂടെ ഇരിക്കാൻ ഉള്ള വലിയ അവസരം ആണെന്നും പിതാവ് ഓർമിപ്പിച്ചു.

വി. കുർബാനയ്ക്കു ശേഷം ആരാധനയുടെ ആരംഭം കുറിച്ചുകൊണ്ട് വിശുദ്ധ കുർബാന എഴുന്നള്ളിച്ച അരുളിക്ക ആർച്ച് ബിഷപ്പ് വികാരിക്ക് കൈമാറി. തുടർന്ന് നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിന് ഫാ. വർഗീസ് കുത്തൂർ, ഫാ.എഡ്വിൻ ഐനിക്കൽ, ട്രസ്റ്റിമാരായ റാഫി ചമ്മണം, പോൾ കുണ്ടുകുളം, എം. ഡി. ആന്റണി, സെബി വല്ലച്ചിറക്കാരൻ എന്നിവർ നേതൃത്വം നൽകി . രാവിലെ 9. 30 മുതൽ തുടങ്ങിയ ആരാധനയ്ക്ക് വിവിധ കുടുംബ കൂട്ടായ്മകളിലും സംഘടനകളിലും നിന്നുള്ളവർ നേതൃത്വം നൽകുന്നു. ശനിയാഴ്ചയും ഞായറാഴ്ചയും ആരാധന തുടരും. ഞായറാഴ്ച വൈകിട്ട് 4ന് സമാപന തിരുക്കർമ്മങ്ങൾക്ക് തൃശൂർ അതിരൂപത വികാരി ജനറൽ മോൺ. ജയ്സൺ കൂനംപ്ലാക്കൽ മുഖ്യ കാർമികത്വം വഹിക്കും.

# കാർഷിക വികസന ബാങ്ക് അവധി ദിവസങ്ങളിലും പ്രവർത്തിക്കും

ഇരിങ്ങാലക്കുട : സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന്റെ ഇരിങ്ങാലക്കുട, ആമ്പല്ലൂർ ബ്രാഞ്ചുകൾ മാർച്ച് 30, 31 ദിവസങ്ങളിലും പ്രവർത്തിക്കുന്നതാണ്. കുടിശ്ശിക നിവാരണത്തിനും നിക്ഷേപ സമാഹരണത്തിനും ഈ ദിവസങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് സെക്രട്ടറി അറിയിച്ചു

# അറിയിപ്പ്

ഇരിങ്ങാലക്കുട: 2025 മാർച്ച് 30, 31 എന്നീ അവധി ദിവസങ്ങളിൽ ഇരിങ്ങാലക്കുട നഗരസഭ മെയിൽ/സോണൽ ഓഫീസുകളിൽ രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെ കെട്ടിട നികുതി സ്വീകരിക്കുന്നതിനായി ഓഫീസ് തുറന്നു പ്രവർത്തിക്കുന്നതാണ്. 2025 മാർച്ച് 31 വരെ കെട്ടിട നികുതി പിഴ ഒഴിവാക്കിയിട്ടുണ്ട്.

# ജാതീയതയും, ശരീര നിറവും വെല്ലുവിളിയാക്കുന്നു



തൃശൂർ: ജാതീയതയും, സവർണാധിപത്യവും, ശരീര നിറവും - വിപത്താക്കി മാറ്റുന്ന സാംസ്കരിക അപചയത്തിനെതിരെ ജാഗ്രത പുലർത്തണമെന്ന്, ജാതീയതയും കേരളവും-സംവാദം ചൂണ്ടിക്കാട്ടി.

തൃശൂർ സാംസ്കാരിക അക്കാദമി-നാഷണൽ ബുക്ക് സ്റ്റാളിലായിരുന്നു സംവാദം ഒരുക്കിയത്. അഡ്വ: പി.ആർ. സുരേഷ് വിഷയം അവതരിപ്പി ച്ചു. അഡ്വ: എ.ഡി.ബെന്നി അധ്യക്ഷത വഹിച്ചു. മോഹൻദാസ് പാറപ്പുറത്ത്, രാജൻ എലവത്തൂർ, ശപഥ്,ഡേവിസ് കണ്ണമ്പുഴ, കെ.ജി.ജയപ്രകാശ്, പ്രൊഫ: വി.പി.ജോൺസ്, പി. ഉദയകുമാർ, രവി പുഷ്പഗിരി, കെ.എ. ഗോവിന്ദൻ സംസാരിച്ചു.

# വർണ്ണക്കൂടാരം ഒരുങ്ങി

ഇരിങ്ങാലക്കുട ഗവ.എൽ.പി സ്കൂളിൽ ഒരുക്കിയ വർണ്ണക്കൂടാരം ഉന്നത വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു ഉദ്ഘാടനം നിർവ്വഹിച്ചു. എസ് എസ്കെയുടെ സ്റ്റാർസ് പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച 10 ലക്ഷം രൂപ വിനിയോഗിച്ച് ഇരിങ്ങാലക്കുട ബിആർസിയുടെ നേതൃത്വത്തിലാണ് വർണ്ണക്കൂടാരം തയ്യാറാക്കിയത്. കുട്ടികളുടെ ശാരീരിക, മാനസികശേഷി വികാസങ്ങൾ ലക്ഷ്യമാക്കി ശാസ്ത്രീയവും ഗുണമേന്മയുള്ളതുമായ പ്രീ സ്കൂൾ വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നതിനാണ് വർണക്കൂടാരം ഒരുക്കുന്നത്.

നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ് അധ്യക്ഷത വഹിച്ചു.

# തൃശൂർ പഴയ നടക്കാവ് പാണ്ടി സമൂഹം ശങ്കര നാരായണ മണ്ഡപം



തൃശൂർ പഴയ നടക്കാവ് പാണ്ടി സമൂഹം ശങ്കര നാരായണ മണ്ഡപം നവീകരിച്ചതിന്റെ സമർപണം സ്വാമി രമണ ചരണ തീർത്ഥ സ്വാമികൾ ഭദ്ര ദീപം തെളിയിച്ച് നിർവഹിച്ചു.

ചടങ്ങിന് എത്തിയ സ്വാമികളെ സ്വരാജ് റൗണ്ടിൽ നിന്നും പുരുഷസൂക്ത മന്ത്രങ്ങളുടെ അകമ്പടിയോടെ സമൂഹം ആചാര്യൻ സുരേഷ് വാധ്യാരുടെ നേതൃത്വത്തിൽ പൂർണ്ണ കുംഭം നൽകി സ്വീകരിച്ചു.

ചടങ്ങിൽ സമൂഹം പ്രസിഡന്റ് പ്രൊഫ. ദേവനാരായണൻ, സെക്രട്ടറി എസ്.ശിവരാമ കൃഷ്ണൻ, എസ്.കൃഷ്ണമൂർത്തി, കമ്മിറ്റി ചെയർമാൻ എസ്.നാരായണ സ്വാമി, മഹേഷ് സുബ്രഹ്മണ്യൻ, എസ്.രാജേഷ്, എം.എസ്.ഹരിശങ്കർ മറ്റു സമൂഹം ഭാരവാഹികൾ, ബ്രാഹ്മണ സഭ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.ശേഷം സ്വാമികളുടെ അനുഗ്രഹ പ്രഭാഷണവും ഉണ്ടായിരുന്നു

## കോടതി പരസ്യം

**ബഹു. തൃശൂർ ചിട്ടി രജിസ്ട്രാർ/ചിട്ടി ആർബിട്രേറ്റർ മുമ്പാകെ**

Arb No: 842/2024

ശലഭം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

-ഹരജിക്കാരൻ

1) കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് കൊല്ലിയിൽ അലി മകൻ സുബൈർ
2) ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് തൈലക്കണ്ടി മുഹമ്മദ് മകൻ ബഷീർ
3) ടി താലൂക്ക് ടി വില്ലേജ്ടി ദേശത്ത് വലിയപറമ്പിൽ മമ്മുകൻ മുഹമ്മദ്
4) ടി താലൂക്ക് ടി വില്ലേജ് ടിദേശത്ത് കൊല്ലിയിൽ സുബൈർ ഭാര്യ റംലത്ത്

- 1, 2, 3, 4 എതൃകക്ഷികൾ

കുറി ജാമ്യ കരാർ പ്രകാരം ഹരജി ഭാഗത്തിന് വരേണ്ട സംഖ്യകൾക്കായി ബോധിപ്പിച്ച മേൽ നമ്പറിൽ 1, 2, 3, 4 എതൃകക്ഷികൾക്കുള്ള നോട്ടീസ് പതിച്ചു നടത്തുവാൻ കല്പിച്ച് **30-04-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. അന്നേ ദിവസം രാവിലെ 11 മണിക്ക് ടി എതൃകക്ഷികൾ കോടതി മുമ്പാകെ ഹാജരാകേണ്ടതാണെന്നും അല്ലാത്തപക്ഷം ടിയാരെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും അറിയിക്കുന്നു.

എന്ന്, 27-3-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**ടി. ബാബുരാജ്** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബകോടതി മുമ്പാകെ**

OP: 144/2023

ജഫ്ന സിറാജുദ്ദീൻ മുതൽപേർ

-ഹരജിക്കാർ

R4) ഇംതിയാസ് ഇബ്രാഹിം S/o. ഇബ്രാഹിംകുട്ടി, പൂവ്വത്തുംകടവിൽ വീട്, വെള്ളിവട്ടം വില്ലേജ്, മുകുന്ദപുരം താലൂക്ക്, തൃശൂർ ജില്ല
R5) സെയ്ത് ഇബ്രാഹിം S/o. ഇബ്രാഹിംകുട്ടി, പൂവ്വത്തുംകടവിൽ വീട്, വെള്ളിവട്ടം വില്ലേജ്, മുകുന്ദപുരം താലൂക്ക്, തൃശൂർ ജില്ല

-Supplement 4, 5 എതൃകക്ഷികൾ

മേൽ നമ്പ്രിൽ IA: 5/24, IA: 6/24, IA: 7/24, IA: 8/24, IA: 9/24, എന്നീ ഹരജികളിലെ Supplement 4, 5 എതൃകക്ഷികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിന് അനുവദിച്ച് **25-04-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ആർക്കെങ്കിലും എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം കോടതിയിൽ ബോധിപ്പിക്കേണ്ടതാണ്.

എന്ന്, 25-03-2024
ഹരജിക്കാർഭാഗം അഡ്വക്കെറ്റ്
**കെ ഡി വിനോജ്** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. ഒറ്റപ്പാലം MACT മുമ്പാകെ**

OP (MV) 232/2023

ഗിരിജ

-ഹരജിക്കാരി

ബാബുരാജ് പി കെ, S/o കുട്ടപ്പൻ, പുളിക്കൽ വീട്, പി ഒ വേലൂപ്പാടം, ആമ്പല്ലൂർ, തൃശൂർ ജില്ല

-4-ാം എതൃകക്ഷി

മേൽ നമ്പ്രിൽ 4-ാം എതൃകക്ഷിക്കുള്ള നോട്ടീസ് പതിച്ചുനടത്തുവാൻ കൽപ്പിച്ച് കേസ് **17-05-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി തിയ്യതി രാവിലെ 11 മണിക്ക് 4-ാം എതൃകക്ഷിയോ ടിയാൻ അധികാരപ്പെടുത്തുന്ന വക്കീലൊ ബഹു. കോടതി മുമ്പാകെ ഹാജരായി മേൽ സംഗതിക്ക് ആക്ഷേപം ബോധിപ്പിക്കാത്തപക്ഷം മേൽ നമ്പർ കേസ് 4-ാം എതൃകക്ഷിയെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

എന്ന്, 27-03-2025
ഹരജിഭാഗം അഡ്വക്കെറ്റ്
**എ കെ സുരേഷ്കുമാർ** (ഒപ്പ്)

## കോടതി പരസ്യം

**ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ**

OS: 509/2023

ശ്രീനാരായണ സമാജം

-വാദി

കൊടുങ്ങല്ലൂർ താലൂക്ക് പെരിഞ്ഞനം വില്ലേജ്, പെരിഞ്ഞനം ദേശത്ത് വില്ലൻ സനീഷ് ഭാര്യ ഗിരിജ

-1-ാം പ്രതി

മേൽ നമ്പറിൽ വാദി സ്ഥാപനത്തിന് പ്രതികൾ നൽകേണ്ട സംഖ്യക്ക് മേലാൽ വസൂലാക്കുന്നതു വരെ 100ക്ക് 1.50 ക. വീതം കൂടുന്ന പലിശയും കൈയ്യാലും സ്വത്തുക്കൾ കൊണ്ടും വാദിക്ക് തരുവാൻ കല്പിക്കുന്നതിനും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ കേസിൽ 1-ാം പ്രതിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് **03-04-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം കേസ് നിങ്ങളെ കൂടാതെ തീർപ്പ് കല്പിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 14-03-2025
വാദിഭാഗം അഡ്വക്കെറ്റ്
**റാണി അശോക്** (ഒപ്പ്)